LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

320 (322) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കിക്കൊണ്ട് സത്യവാങ്മൂലം സമർപ്പിക്കാൻ കേരള ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; വ്യക്തമാക്കുമോ ;

(ബി) അതിൻപ്രകാരം സർക്കാർ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചുവോ, എങ്കിൽ പ്രസ്തുത സത്യവാങ്മൂലത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) W.P.(c) No. 2644/2014 എന്ന കേസിൽ കോർപ്പറേഷന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അഡീഷണൽ സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) W.P.(c) No. 3893/2014 നമ്പർ കേസിൽ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധം II* ആയി ഉള്ളടക്കം ചെയ്യുന്നു.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

321 (323) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നല്കുമോ ;

(ബി) പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(സി) സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കെ.എസ്.ആർ.ടി.സി.യെ കരകയറ്റാൻ എന്തെല്ലാം നടപടികളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) പുനരുദ്ധാരണ പാക്കേജിന് കെ.എസ്.ആർ.ടി.സി. ത്രുപം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികളാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളിൻ പ്രകാരം നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) കോർപ്പറേഷന്റെ പെൻഷൻ ബാധ്യതയ്ക്ക് പരിഹാരം കാണുക, കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തിമൂല്യം നിർണ്ണയം നടത്തുക, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖലാ ബാങ്കുകളിലേക്ക് കൂടിയ തിരിച്ചടവ് കാലയളവും കുറഞ്ഞ പലിശ നിരക്കുമുള്ള വായ്പകളാക്കി മാറ്റുക, സർക്കാരിന് നൽകാനുള്ള വായ്പ കടിശ്ശിക മൂലധന നിക്ഷേപമാക്കി മാറ്റുക, വരുമാനം കുറഞ്ഞ ബസ് സർവ്വീസുകൾ ലാഭകരമാക്കത്തക്ക രിതിയിൽ പുനഃക്രമീകരിക്കുക, സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുക തുടങ്ങിയവയാണ് പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ. കൂടാതെ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ സർവ്വീസ് മുതലായവയും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കോർപ്പറേഷന്റെ ആസ്തി മൂല്യം നിർണ്ണയിക്കുന്നതിനായി M/s Varma & Varma എന്ന സ്ഥാപനത്തെ നിയോഗിക്കുകയും പ്രസ്തുത സ്ഥാപനം മൂല്യനിർണ്ണയ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നുള്ള വായ്പാ ബാദ്ധ്യത പൊതുമേഖലാ ബാങ്കുകളിലേക്ക് മാറ്റുന്നതിനായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് വായ്പ ലഭ്യമാക്കുന്നതിനായി M/s SBI CAPITAL MARKETS LTD എന്ന സ്ഥാപനത്തെ നിയോഗിച്ചുകഴിഞ്ഞു. 1090.75 കോടി രൂപയുടെ സർക്കാർ വായ്പ, മൂലധന നിക്ഷേപമാക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കുന്നതിനായി 15 കിലോ മീറ്ററിന് മുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽനിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് അനുമതി നൽകി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് പ്രകാരം, എല്ലാ യാത്രക്കാർക്കും

LIBRARY ARCHIVES Kerala Legislative Assembly

അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനായുള്ള പദ്ധതി പരിഗണനയിലാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1031 സർവ്വീസുകൾ ലാഭകരമായി പുനഃക്രമീകരിച്ചു കഴിഞ്ഞു. ഇതുകൂടാതെ, പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ എന്നിവയ്ക്ക് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള ലേലം/ടെണ്ടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം

322 (324) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം എത്രയാണെന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് എത്ര രൂപയാണെന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2014 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യുടെ ശരാശരി പ്രതിദിന വരുമാനം 4.91 കോടി രൂപയാണ്.

(ബി) 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ ഒരു ദിവസത്തെ ശരാശരി ചെലവ് 5.85 കോടി രൂപയാണ്.

(സി) 2012-13-ലെ വാർഷിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടം 519.26 കോടി രൂപയാണ്.

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ നടപടി

323 (325) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly